കൃത്രിമ 'വിദേശ' മദ്യനിർമാണം ഇന്ത്യയിൽ സാർവത്രികമാണ്. വിദേശങ്ങളിൽനിന്ന് അല്പം സ്കോച്ച്വിസ്കി വരുത്തി, അതിൽ ഒട്ടേറെ നാടൻ ചാരായം കലർത്തി, ആകർഷകമായ കുപ്പിയിൽ നിറച്ച്, കള്ളലേബലുകളൊട്ടിച്ച്' 'വിദേശമദ്യ'മെന്ന നിലയിൽ കൂടിയ വിലയ്ക്കു വില്ക്കാൻ ആർക്കും കുസലില്ല. എക്സൈസ് നികുതി ചുമത്തുന്നത് പത്തു രൂപയുടെ ചാരായം വിൽക്കുമ്പോൾ നൽകേണ്ട എക്സൈസ് നികുതി മാത്രമേ, വിസ്കി എന്ന ലേബൽ ഒട്ടിച്ച്, അതേ ചാരായം നൂറു രൂപയ്ക്കു വിൽക്കുമ്പോഴും, സർക്കാർ വസൂലാക്കുകയുള്ളു. ഇങ്ങനെ ഒരു കുപ്പി കള്ളവിസ്കി നൂറു രൂപയ്ക്കു വിൽക്കുമ്പോൾ 'നിർമാതാ'വിന് അമ്പതു രൂപയോളം ലാഭം കിട്ടുന്നു.

ഇത്തരം കള്ളത്തരങ്ങൾക്ക് എന്നാണൊരറുതിവരുക? 'ഉടൻതന്നെ' എന്നാണു മദ്യവ്യാപാരികളുടെ ഉത്തരം. സർക്കാർ എന്തെങ്കിലും നിയന്ത്രണം ചുമത്തുമെന്ന് അവർ കരുതുന്നില്ല. മദ്യവ്യാപാരികളെ തൊടാൻ ഉള്ള കഴിവ് അടുത്തൊന്നും ഇന്ത്യയിൽ ഒരു സർക്കാരിനും ഉണ്ടാവില്ല. പക്ഷേ, 'ഉപഭോക്താവ്' എന്നൊരുത്തൻ ഉണ്ടല്ലോ. അവന്റെ കഴിവ് വർധിക്കാൻപോവുകയാണ്. ഇന്ത്യയിൽ എല്ലാത്തരം മദ്യങ്ങളും എല്ലാ സ്ഥലത്തും സമൃദ്ധിയായി കിട്ടിത്തുടങ്ങിയാൽ, ഉപഭോക്താവു തനിക്ക് ഇഷ്ടമുള്ളതേ വാങ്ങുകയുള്ളു. അപ്പോൾ, വ്യാജവസ്തുക്കൾക്കു തനിയെ വിലയിടിയും. അങ്ങനെ സിമൻറിലും പഞ്ചസാരയിലും അരിയിലും വെളിച്ചെണ്ണയിലും കരിഞ്ചന്ത പുലർന്നാലും, മദ്യത്തിൽ കരിഞ്ചന്ത അടുത്തുതന്നെ അസ്തമിക്കുമെന്നു മദ്യവ്യാപാരികൾ ആശ്വാസംകൊള്ളുന്നു. കാരണം, സിമൻറും പഞ്ചസാരയും അരിയും വെളിച്ചെണ്ണയും ഒരു കാലത്തും ഇന്ത്യയിൽ വേണ്ടത്ര കിട്ടാനുണ്ടാവില്ല; എല്ലാത്തരം മദ്യങ്ങളും എവിടെയും എപ്പോഴും സുലഭങ്ങളായിരിക്കുകയുംചെയ്യും.

മദ്യനിരോധനത്തെ ഒരു അടിസ്ഥാന വിശ്വാസപ്രമാണമായിക്കരുതി ഭരണഘടനയിലുൾപ്പെടുത്തിയ ഇന്ത്യ എത്ര വേഗമാണ് ഒരു 'മുഴുക്കുടിയന്മാരുടെ രാഷ്ട്രം' ആയി മാറിയത്!

(28 മാർച്ച്, 1984)

# 61. ലക്ഷദ്വീപുകൾ

ഇക്കഴിഞ്ഞ ജനുവരി 13 മുതൽ 20 വരെ ഞാൻ ലക്ഷദ്വീപുകളിൽ ആയിരുന്നു.

അറബിക്കടലിൽ, കേരള തീരത്തിൽനിന്ന് 192 കി. മീ. മുതൽ 320 കി. മീ.വരെ അകന്നുകിടക്കുന്ന ഇരുപത്തേഴ് പവിഴ ദ്വീപുകൾക്കുള്ള പൊതുപ്പേരാണ് 'ലക്ഷദ്വീപുകൾ' എന്നത്. ഇവയിൽ പത്തു ദ്വീപുകളിലേ ആൾപാർപ്പുള്ളു. അഞ്ചു ചെറുതുരുത്തുകൾ ഇവയോടു് അടുത്തുകിടക്കുന്നു. ഈ തുരുത്തുകൾക്കും ഒററപ്പെട്ടുകിടക്കുന്ന പന്ത്രണ്ടു മററു ദ്വീപുകൾക്കും കൂടി 5.8 ചതുരശ്ര കി. മീ. വിസ്താരമേ ഉള്ളു. ആൾപാർപ്പുള്ള പത്തു ദ്വീപുകൾക്കുംകൂടി 26.2 ച. കി. മീ. ആണ് വിസ്താരം. ഈ ദ്വീപുകളിൽ ഏററവും തെക്കേ അററത്തുള്ള മിനിക്കോയ് ഏതാണ്ട് തിരുവനന്തപുരത്തിനു നേരെ പടിഞ്ഞാറാണ്. ആൾപാർപ്പുള്ള ദ്വീപുകളിൽ ഏററവും വടക്കേ അററത്തുള്ള ചേത്തിലത്ത്, ബിത്ര എന്നിവ കണ്ണൂരിനു പടിഞ്ഞാറായി കിടക്കുന്നു. എല്ലാ ദ്വീപുകളിലും ചേർന്ന് 1981—ൽ 40,028 ആളുകൾ ഉണ്ടായിരുന്നു. ലോകത്തിലെ ഏററവുമധി

കം ജനപ്പെരുപ്പമുള്ള പ്രദേശങ്ങളിൽ ലക്ഷദ്വീപുകൾ പെടും. കരയിൽ നിന്നു സർക്കാരുദ്യോഗസ്ഥന്മാരായി ചെന്നവരൊഴിച്ചാൽ, 'ദ്വീപു മക്കൾ' എല്ലാവരും മുസ്ലീങ്ങളാണ്. ഇവരെ പട്ടികവർഗക്കാരായി പരിഗണിച്ചിരിക്കുന്നു. തെക്കേ അററത്തുള്ള മിനിക്കോയിലെ ജനങ്ങളുടെ മാതൃഭാഷ, മാലദ്വീപുകളിൽ പ്രചരിക്കുന്ന 'മഹൽ' ആണ്. മററു ദ്വീപുകളിലുള്ളവർ മലയാളം സംസാരിക്കുന്നു. ശതവർഷങ്ങളോളം വൻകരയിൽനിന്ന് ഒററപ്പെട്ടു ജീവിച്ചുവന്ന ദ്വീപുകാരുടെ മലയാളത്തിനു പല സവിശേഷതകളുമുണ്ട്. ഉദാഹരണമായി, 'പ' എന്ന അക്ഷരത്തിനു പകരം അവർ 'ഫ' എന്ന അക്ഷരമാണ് ഉച്ചരിക്കുക. വൻകരയിൽ നിന്നു ചെല്ലുന്ന ഒരാൾക്കു ദ്വീപുകാരുടെ മലയാളം പെട്ടെന്നു കേട്ടാൽ മനസ്സിലായില്ലെന്നുവരും. എങ്കിലും, മിനിക്കോയ് ഒഴികെ മററെല്ലാ ദ്വീപുകളിലെയും നിവാസികൾ മലബാറിലെ മാപ്പിളമാർതന്നെയാണ്. അടുത്തകാലംവരെ ഇവർ മരുമക്കത്തായക്കാരായിരുന്നു. ഭൂസ്വത്തുടമയെ സംബന്ധിച്ചിടത്തോളം ദ്വീപുകളിൽ ഇപ്പോഴും നിലവിലുള്ളതു മുസ്ലീം പാരമ്പര്യ വഴക്കങ്ങളോടിടകലർന്ന മരുമക്കത്തായ വഴക്കങ്ങളാണ്.

ഇരുപത്തൊമ്പതു കൊല്ലം മുമ്പ്, 1954—ൽ ഒരാഴ്ചയോളം ഞാൻ ലക്ഷദ്വീപുകളിൽപ്പെട്ട മിനിക്കോയ്, കൽപേനി, ആന്ത്രോത്ത്, കവരത്തി, അമ്മേനി എന്നിവയിൽ സഞ്ചരിച്ചിട്ടുണ്ട്. മദ്രാസ് ഗവർണർ ശ്രീ പ്രകാശം ഈ ദ്വീപുകളിലൊരു പര്യടനം നടത്തിയപ്പോൾ, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ മലയാളത്തിൽ വിവർത്തനംചെയ്യാനും ദ്വീപുകാരുടെ മലയാളത്തിലുള്ള നിവേദനങ്ങൾ ഗവർണർക്കു് ഇംഗ്ലീഷിലോ, ഹിന്ദിയിലോ വിവർത്തനംചെയ്തു കൊടുക്കാനും വേണ്ടി എന്നെയും കൂടെക്കൊണ്ടുപോയി. ഈ പര്യടനം എനിക്കു് അത്യന്തം ആഹ്ലാദപ്രദമായിരുന്നു. 1950—ൽ ഞാൻ കോഴിക്കോട്ടു താമസമാക്കിയപ്പോൾ ലക്ഷദ്വീപുകാരായ പലരുമായി പരിചയപ്പെട്ടിരുന്നു. ഇവരിൽ ആദ്യം പറയേണ്ട പേർ കൽപേനി ദ്വീപിലെ ഒരു സാമൂഹ്യപ്രവർത്തകനും 'ജമായത്തേ ജസീറ' എന്ന ദ്വീപുകാരുടെ സംഘടനയുടെ അദ്ധ്യക്ഷനുമായിരുന്ന പരേതനായ പി. ഐ. പൂക്കോയയുടേതാണ്. ദ്വീപുകളിൽ വടക്കേ അററത്തുള്ള അമ്മേനി, കടമം, കിളുത്തൻ, ചേത്തിലം. ബിത്ത്റ എന്നിവ അന്നു് മദ്രാസ് സംസ്ഥാനത്തിലെ ദക്ഷിണ കർണാടക ജില്ലയുടെ ഭാഗങ്ങളായിരുന്നു; മററു ദ്വീപുകൾ മലബാർ ജില്ലയുടെയും. മലബാർ ദ്വീപുകളുടെ ഭരണം നിർവഹിച്ചിരുന്നതു് മലബാർ കലക്ടറാപ്പീസിലെ 'ഐലൻഡ് ക്ളാർക്ക്' എന്ന ഉദ്യോഗസ്ഥനായിരുന്നു; ദ്വീപുകളും കരയും തമ്മിൽ ബന്ധിപ്പിക്കുന്ന കപ്പൽ സർവീസ് അന്നില്ല. തുലാവർഷം കഴിഞ്ഞാൽ ചരക്കുകൾ—മുഖ്യമായും കൊപ്ര—കയററി ദ്വീപുകളിലെ പായത്തോണികൾ—ഓടങ്ങൾ—കോഴിക്കോടു മുതൽ മംഗലാപുരംവരെയുള്ള തുറമുഖങ്ങളിലടുക്കും; ചരക്കുകൾ വിററു് അരിയും മററു് അത്യാവശ്യസാധനങ്ങളും വാങ്ങി കാലവർഷം തുടങ്ങുംമുമ്പു തിരിച്ചുപോവുകയുംചെയ്യും. കാലവർഷക്കാററുകളെ ചെറുത്തു നില്ക്കാനുള്ള കരുത്തു് ദ്വീപുകാരുടെ ഓടങ്ങൾക്കില്ലാത്തതിനാൽ (തമ്മിൽ ഭേദം മിനിക്കോയിക്കാരുടെ ഓടങ്ങളായിരുന്നു) വൈകി മടങ്ങുന്ന പല ഓടങ്ങളും നേരത്തെ വന്നെത്തുന്ന കാലവർഷക്കാററുകളേററു തകർന്നുപോകാറുണ്ട്. ദ്വീപുകളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളേ അന്നു് ഉണ്ടായിരുന്നുള്ളു. അതും ചില ദ്വീപുകളിൽമാത്രം. ആരോഗ്യസേവനത്തിന്റെ സ്ഥിതിയും നന്നേ പരുങ്ങലിലായിരുന്നു.

ബ്രിട്ടീഷ് ഭരണം ദ്വീപുകളെ സാരമായി സ്പർശിച്ചിരുന്നില്ല. 'ആമീൻ' എന്ന പേരിലറിയപ്പെട്ടിരുന്ന റവന്യൂ ഉദ്യോഗസ്ഥനും ഏതാനും 'കാരണവന്മാരും' കൂടിയാണ് ഓരോ ദ്വീപിലെയും ഭരണകാര്യ

ങ്ങൾ നിർവഹിച്ചിരുന്നത്. ഇവരെല്ലാം പാരമ്പര്യവഴിക്ക് ആ പദവികളിലെത്തിയവരായിരുന്നു. വലിയ വിദ്യാഭ്യാസമൊന്നും ഇവർക്കില്ല. ഇവർക്കു തീരുമാനിക്കാൻ കഴിയാത്ത കേസുകൾ വൻകരയിലെ റവന്യൂ ഡിവിഷണൽ ഓഫീസർമാർ തീരുമാനിക്കും. ഒരു കേസ് കരയിലേക്കു റഫർചെയ്താൽ ദ്വീപുകാരനായ വാദിയുടെയും പ്രതിയുടെയും ജന്മം തുലഞ്ഞതുതന്നെ. കാരണം കേസിൽ, തീരുമാനമുണ്ടാകാൻ സമയംപിടിക്കും. അത്രയും കാലം വാദിയും പ്രതിയും വീടു വിട്ട് വൻകരയിൽ നിസ്സഹായരായി ഉഴന്നുനടക്കേണ്ടിവരും. യാഥാസ്ഥിതികത്വവും അന്ധവിശ്വാസങ്ങളും കടുത്ത ദാരിദ്ര്യവും തികഞ്ഞ നിരക്ഷരത്വവും അന്നത്തെ ദ്വീപുകാരുടെ മുഖമുദ്രകളായിരുന്നു.

ഈ അവകാശങ്ങൾക്കെതിരെ പൊരുതുന്ന സംഘടനയായിരുന്നു 'ജമായത്തേജസീറ.' മുമ്പു പറഞ്ഞ ജനാബ് പൂക്കോയയും, വൻകരയിൽ പാർത്തു് പഠിക്കുന്ന ദ്വീപുകാരായ ഏതാനും വിദ്യാർത്ഥികളുമായിരുന്നു അതിന്റെ പ്രവർത്തകർ. ഇവരെ സഹായിക്കാൻ ഞങ്ങൾ കോഴിക്കോട്ട് ഒരു 'ലക്ഷദ്വീപ് വെൽഫയർ അസോസിയേഷൻ' രൂപവൽക്കരിച്ചു. ദ്വീപുകളിലെ ഓരോ ആവശ്യങ്ങൾക്കു ഞങ്ങൾ കുറേശ്ശെ പണം പിരിച്ചു കൊടുത്തു. ദ്വീപുകാർക്കുവേണ്ടി മലബാർ കലക്ടർക്കും മദ്രാസ് ഗവണ്മെൻറിനും ധാരാളം നിവേദനങ്ങൾ സമർപ്പിക്കുകയുംചെയ്തു. ദ്വീപുകളിലെ വിദ്യാർത്ഥികൾക്കു താമസിച്ചു പഠിക്കുവാൻ കോഴിക്കോട്ട് ഒരു ഹോസ്റ്റൽ ഉണ്ടായതു് ഈ നിവേദനങ്ങളുടെ ഫലമായിട്ടാണ്. ഈ പശ്ചാത്തലത്തിൽ, ദ്വീപുകളിലെ ജനജീവിതം നേരിട്ടു കാണാൻ കൈവന്ന അവസരം ഞാൻ അന്നു സന്തോഷത്തോടെ സ്വാഗതംചെയ്തു.

മിനിക്കോയ് ഒഴികെ മററു ദ്വീപുകളിലെ നിവാസികളെല്ലാം മലബാർ മാപ്പിളമാർ ആകയാൽ, ദ്വീപുകൾ കേരള സംസ്ഥാനത്തിന്റെ അവിഭാജ്യഭാഗമായിരിക്കണമെന്ന് അന്നു ഞങ്ങൾ—ജമായത്തേ ജസീറയും വെൽഫെയർ അസോസിയേഷനും—ആവശ്യപ്പെട്ടുകൊണ്ടിരുന്നു. സംസ്ഥാനപുനഃസംഘടനക്കമ്മീഷൻ നിയമിക്കപ്പെട്ടപ്പോൾ, കമ്മിഷനിലെ അംഗങ്ങളുടെ മുമ്പിലും ഈ ആവശ്യം ഞങ്ങൾ ഉന്നയിച്ചു. ഞങ്ങളുടെ വാദം ശ്രദ്ധിച്ചു കേട്ടശേഷം, കമ്മിഷനിലെ അംഗമായി സർദാർ കെ. എം. പണിക്കർ എന്നോടു പറഞ്ഞു: 'കേരളം ഒരു ദരിദ്രസംസ്ഥാനമാണ്. പ്രശ്നസംസ്ഥാനവുമാണ്. ദ്വീപുകളുടെ വികസനത്തിനു വേണ്ടിയോ, ശത്രുക്കളിൽനിന്നു ദ്വീപുകളെ രക്ഷിക്കുന്നതിനുവേണ്ടിയോ പണം ചെലവഴിക്കാൻ കേരളത്തിനു സാധിക്കുകയില്ല. ദ്വീപുകളെ കേന്ദ്രഭരണത്തിൻകീഴിൽ കൊണ്ടുവരണമെന്നാണു ഞങ്ങൾ ശുപാർശ ചെയ്യുവാൻപോകുന്നതു്. ദ്വീപുകാർക്ക് ഇതാണു നല്ലതു്. കേരളത്തിനും അതെ.'

അങ്ങനെ 1956—ൽ ലക്ഷദ്വീപുകൾ ഒരു കേന്ദ്രഭരണപ്രദേശമായി.

സർദാർ പണിക്കർ അന്നു പറഞ്ഞതു് എത്ര ശരിയായിരുന്നു എന്ന് ഈ രണ്ടാമത്തെ ദ്വീപുയാത്രയിൽ എനിക്കു ബോദ്ധ്യമായി. ഇത്തവണ ഞാൻ ആൾപ്പാർപ്പുള്ള ദ്വീപുകളിൽ കവരത്തി, മിനിക്കോയ് എന്നിവ മാത്രമേ സന്ദർശിച്ചുള്ളു. (ആൾപ്പാർപ്പില്ലാത്ത, പക്ഷികൾ മാത്രം പാർക്കുന്ന, 'പാട്ടി' ദ്വീപും കാണുകയുണ്ടായി). ഈ രണ്ടു ദ്വീപുകൾ കണ്ടതിൽ നിന്നുതന്നെ, ലക്ഷദ്വീപുകളിലാകെ വന്നു ചേർന്ന അഭിവൃദ്ധി ഊഹിക്കാൻ പ്രയാസമില്ലായിരുന്നു. ദ്വീപുകളും വൻകരയും തമ്മിൽ ഗതാഗതം സുഗമമാക്കുന്നതിനു മൂന്നു കപ്പലുകൾ—ഞങ്ങൾ യാത്രചെയ്ത ഭാരത സീമ, അമീൻദിവി, ലക്കഡീവ്സ്—ഇപ്പോൾ സ്ഥിരമായി ഉപയോഗിച്ചുവരുന്നു. മിക്ക ദ്വീപുകളിലും ഇന്നു വിദ്യുച്ഛക്തിയുണ്ട്. പല ദ്വീപുകളിലും ടെലഫോൺ പ്രവർത്തിച്ചുവരുന്നു. കവരത്തി, മിനി

ക്കോയ്, അമ്മേനി എന്നീ ദ്വീപുകളിലുള്ള സാററലൈററ് സ്റ്റേഷനുകറം വൻകരയുമായി ടെലഫോണിൽ സംസാരിക്കുക സാദ്ധ്യമാക്കിയിരിക്കുന്നു. മുമ്പു ഞാൻ കവരത്തിയിൽ വന്നപ്പോറം, അവിടെയുണ്ടായിരുന്ന വടകരക്കാരി മിഡ്വൈഫ് തൻെറ അച്ഛൻ മരിച്ച വിവരം അഞ്ചു മാസം കഴിഞ്ഞാണ് താൻ അറിഞ്ഞതെന്ന് സങ്കടത്തോടെ പറഞ്ഞതു് ഓർക്കുന്നു. ഇപ്പോറം വടകരയിൽനിന്നു കവരത്തിയിലേക്കു ടെലഫോണിൽ സംസാരിക്കാം. വൻകരയിൽ പല സ്ഥലത്തുമില്ലാത്ത സൗകര്യം!

ദ്വീപുകളിൽ മിക്കവർക്കും തൊഴിലുണ്ടെന്നതാണു മറെറാരു പ്രധാന കാര്യം. മുമ്പ് കയർ പിരിക്കുക (തിരിക്കുക എന്നാണ് അവർ പറയുന്നതു്) ആയിരുന്നു ദ്വീപിലെ മുഖ്യ തൊഴിൽ. ചൂടി സർക്കാരിനു കൊടുത്തു് പണത്തിനു പകരം അവർ അരി വാങ്ങിവന്നു. ഇന്നു ചൂടിപ്പണി ചെയ്യുന്നവർ കുറവാണ്. തെങ്ങു കയറുക, മധുരക്കള്ള് (മീര) ചെത്തുക മുതലായ ജോലികറംക്കും ആളുകളെ കിട്ടാതായിരിക്കുന്നു. ധാരാളം വരുമാനം നൽകുന്ന മീൻപിടുത്തത്തിൽത്തന്നെ ആളുകറംക്കു വലിയ താല്പര്യമില്ലാത്ത മട്ടാണ്. എല്ലാവർക്കും നിത്യവൃത്തിക്കു വകയുണ്ടെങ്കിൽ എന്തിന് തടി വിയർത്തു് അദ്ധ്വാനിക്കണം.

ഏററവുമധികം വികാസം നേടിയ വ്യവസായം, ദ്വീപുകളെ സംബന്ധിച്ചിടത്തോളം, ഭരണംതന്നെ. ഇന്ത്യയിലെ ഏററവും ചെറിയ കേന്ദ്രഭരണപ്രദേശമാണു ലക്ഷദ്വീപുകറം. പക്ഷേ, ഒരു സംസ്ഥാനത്തിൻെറ ഉദ്യോഗസംവിധാനം മുഴുവൻ അവിടെയുണ്ട്. അഡ്മിനിസ്ട്രേററർ ആണ് മുഖ്യ ഭരണാധികാരി. കൊച്ചിയിലും കവരത്തിയിലുമായി മാറിമാറിപ്പാർത്തു് ഇദ്ദേഹം ഭരണം നിർവഹിക്കുന്നു. കവരത്തിയാണ് ദ്വീപുകളുടെ തലസ്ഥാനം. ആ ദ്വീപിലെ ജനസംഖ്യയിൽ ഏതാണ്ട് പകുതിയോളം പുറമെനിന്ന്, മുഖ്യമായി കേരളത്തിൽനിന്നു വന്ന ഉദ്യോഗസ്ഥന്മാരാണ്.

ദ്വീപുകളിൽ ഒരുതരം നികുതിയുമില്ല, നിയമവുമില്ല. ഭൂനിയമം പ്രായേണ പാരമ്പര്യങ്ങറം മാത്രമാണ്. അവ ഇനിയും വ്യക്തമായി നിർവഹിക്കപ്പെട്ടിട്ടില്ല. എങ്കിലും കോടതികളും പോലീസ്സ്റ്റേഷനുകളും മററും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മുമ്പ് മലബാറിലെ ചേവായൂർ നിയോജകമണ്ഡലത്തിൻെറ ഭാഗമായിരുന്നു ലക്ഷദ്വീപുകറം. (ആ നിയോജകമണ്ഡലത്തിൽനിന്നുള്ള തെരഞ്ഞെടുപ്പിൻെറ ഫലങ്ങളെ ലക്ഷദ്വീപുകാരുടെ വോട്ട് ഒരിക്കലും സാരമായി ബാധിച്ചിരുന്നില്ല.) ഇപ്പോറം പാർലമെൻറിൽ ലക്ഷദ്വീപുകറംക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു എം. പി. ഉണ്ട്. ലക്ഷദ്വീപുകളിലെ എം. പി. ആയ പി. എം. സൈദ് ജനതാഭരണകാലത്തു് കേന്ദ്രത്തിൽ മന്ത്രിയായിരുന്നു.

വിദ്യാഭ്യാസകാര്യത്തിൽ ദ്വീപുകറം നേടിയ പുരോഗതി വിസ്മയാവഹമാണ്. 1951—ൽ അവിടെ സാക്ഷരത 15 ശതമാനമായിരുന്നതു് 1980-ൽ 51 ശതമാനമായിട്ടുണ്ട്. ഒമ്പതു് നേഴ്സറി സ്കൂളുകളും പതിനേഴ് ലോവർ പ്രൈമറി (ജൂനിയർ ബേസിക്) സ്കൂളുകളും നാലു് അപ്പർ പ്രൈമറി (സീനിയർ ബേസിക്) സ്കൂളുകളും എട്ടു ഹൈസ്കൂളുകളും ഒരു ജൂനിയർ കോളേജും ദ്വീപുകളിലുണ്ട്. 12,000 ത്തോളം കുട്ടികറം ഇവയിൽ പഠിക്കുന്നു. വിദ്യാഭ്യാസം തികച്ചും സൗജന്യമാണ്. പലേടത്തും വിദ്യാർത്ഥികറംക്കു സൗജന്യ ഹോസ്ററൽ സൗകര്യങ്ങളുണ്ട്. പട്ടികവർഗക്കാരായി കണക്കാക്കപ്പെടുന്നതിനാൽ, ദ്വീപുവിദ്യാർത്ഥികറംക്കു വൻകരയിലെ എൻജിനീയറിങ്—മെഡിക്കൽ കോളേജുകളിലോ, പോസ്റ്റ്ഗ്രാജേററ് കോഴ്സുകളിലോ പ്രവേ

ശനം കിട്ടാൻ വിഷമമില്ല. പണിമുടക്കുകളില്ലാത്തതിനാൽ ദ്വീപുകളിൽ പഠിപ്പ് നടക്കുന്നുണ്ട്.

1952—ൽ കവരത്തിയിലെ ഏക—സർക്കാർസ്കൂൾ സന്ദർശിച്ച ശേഷം ഡയറിയിൽ ഇങ്ങനെ ഒരു കുറിപ്പ് ഞാൻ എഴുതിയിരുന്നു:

'ഗവണ്മെൻറ് വക സ്കൂളിൽ രണ്ടു മുറികളും അഞ്ചു ക്ളാസ്സുകളും രണ്ട് അദ്ധ്യാപകരും പതിമ്മൂന്നു ബെഞ്ചുകളുമുണ്ട്. സ്ഥലം പോരാ. കവരത്തിയിൽ സ്കൂൾപ്രായത്തിൽ 231 ആൺകുട്ടികളും 126 പെൺകുട്ടികളും (ആകെ 357) ഉണ്ട്. സ്കൂൾ രജിസ്റ്ററിൽ ഉള്ളതു് 162 ആൺകുട്ടികളും 27 പെൺകുട്ടികളും (ആകെ 189) മാത്രമാണ്. സ്കൂളിൽ ലൈബ്രറിയില്ല. സ്കൂൾകുട്ടികൾക്ക് ഉച്ചഭക്ഷണത്തിനു കുറിക്കു പണം ഇല്ല; അരി കിട്ടുന്നുണ്ട്. ദ്വീപിൽ ബാല്യവിവാഹം സാധാരണമാണ്. ആൺകുട്ടികൾ പതിനഞ്ചു വയസ്സിലും പെൺകുട്ടികൾ ഏഴു വയസ്സിലും കല്യാണംകഴിക്കുന്നു. ഇതോടെ പഠിപ്പു നിൽക്കുന്നു. മലബാറിൽ സ്കൂൾ മാസ്റ്റർമാർക്ക് 80+15 രൂപ ശമ്പളമുള്ളപ്പോൾ ദ്വീപുകളിൽ ശമ്പളം 25+19 രൂപ മാത്രമാണ്. ഇതുവരെ അദ്ധ്യാപകർക്ക് ഇൻക്രിമെൻറ് കൊടുത്തിട്ടില്ല. ആകെ ഒരു തവണയേ ഡെപ്യൂട്ടി ഇൻസ്പെക്ടർ ഈ സ്കൂൾ സന്ദർശിച്ചിട്ടുള്ളു. സിലബസ് അനുസരിച്ചു പഠിപ്പിക്കണമെന്ന സർക്കുലർ കൂടെക്കൂടെവരും. പക്ഷേ, അദ്ധ്യാപകരില്ലാത്തതിനാൽ അതു സാധിക്കുന്നില്ല.

ഇരുപത്തൊമ്പതു കൊല്ലത്തിനുശേഷം, ഇന്നത്തെ കവരത്തി കാഴ്ചവയ്ക്കുന്ന ചിത്രം എത്ര വ്യത്യസ്തമാണ്. ഇന്നു് ഇംഗ്ളണ്ടിലോ, സോവ്യറ്റ്യൂണിയനിലോ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന സൗകര്യങ്ങൾ, ഏറെക്കുറെ, ലക്ഷദ്വീപിലെ വിദ്യാർത്ഥികൾക്കു കിട്ടുന്നുണ്ട്. വിദ്യാഭ്യാസത്തിൻെറ ഗുണത്തിൽ മാത്രമാണു പ്രസ്താവ്യമായ വ്യത്യാസമുള്ളതു്. ഏതായാലും, വൻകരയിലെ വിദ്യാർത്ഥികളേക്കാൾ എത്രയോ ഭാഗ്യവാന്മാരാണു ലക്ഷദ്വീപുകളിലെ വിദ്യാർത്ഥികൾ.

ലക്ഷദ്വീപുകളെല്ലാം പവിഴദ്വീപുകളാണെന്നു പറഞ്ഞുവല്ലോ. രാജസ്ഥാനിലെ അരാവലിമലകളുടെ തുടർച്ചയായി, ആഴക്കടലിനടിയിലൂടെ ഒരു പർവതനിര അറബിക്കടലിൽ തെക്കുവടക്കു നീണ്ടുകിടക്കുന്നുണ്ടത്രേ. ഈ പർവതനിരയുടെ ഉയർന്ന കൊടുമുടികളിൽ കുടിപാർക്കുന്ന പവിഴപ്രാണികൾ (പോളിപ്പുകൾ) അനേകലക്ഷം സംവത്സരങ്ങളിലൂടെ കെട്ടിയുയർത്തിയ പവിഴപ്പാറകളിൽ മണൽ അടിഞ്ഞാണ് ഈ ദ്വീപുകൾ ഉണ്ടായിട്ടുള്ളതു്. ദ്വീപുകളിൽ മിക്കവയും ഒരു സോസറിൻെറ മാതിരി, വൃത്താകൃതിയാണ്. നടുകുഴിഞ്ഞ ഈ സോസറിൻെറ ഉയർന്ന പടിഞ്ഞാറെ വക്കിലെ പാറകൾ തിരയടിച്ചു തകർന്നു കിടക്കുന്നു. വേലിയിറക്കസമയത്തു് ഇവ വെള്ളത്തിനു മുകളിൽ ഉയർന്നു കാണാം. സോസറിൻെറ കിഴക്കെ വക്കിലെ പാറകളിൽ മണലടിഞ്ഞു്, ഏതാണ്ട് അർദ്ധചന്ദ്രാകൃതിയിലുള്ള ദ്വീപ് രൂപംകൊണ്ടിരിക്കുന്നു. ദ്വീപിനും സോസറിൻെറ പടിഞ്ഞാറെ വക്കിനും ഇടയിലുള്ള സ്ഥലം ആഴം കുറഞ്ഞ തടാകമാണ്. 'ബില്ലം' എന്നു ദ്വീപുകാർ വിളിക്കുന്ന ഈ പ്രദേശം ഇംഗ്ളീഷിൽ 'ലഗൂൺ' എന്നറിയപ്പെടുന്നു. ഈ പ്രദേശത്തിലെ ജലത്തിനു മുകളിൽ നിന്നു നോക്കുമ്പോൾ ഇളം പച്ചനിറമാണ്. മഷിയുടെ കടും നീലനിറമുള്ള ആഴക്കടലിൽ ഒരുത്തുതദൃശ്യമാണ് ഈ ഇളംബില്ലർ. ഇതിലെ തെളിഞ്ഞ വെള്ളത്തിനടിയിൽ പല ആകൃതികളിലുള്ള പവിഴപ്പാറകൾ സഹസ്രാബ്ദങ്ങളിലൂടെ പതുക്കെപ്പതുക്കെ വളരുന്നു. അവയ്ക്കു മീതെ മഴവില്ലിൻെറ നിറങ്ങളും വിചിത്രാകൃതികളുമുള്ള മത്സ്യങ്ങളും മററു ജലജീവികളും നീന്തിക്കളിക്കുന്നു. ബില്ലത്തിൽ ഒരു ആപച്ഛങ്കയുമില്ലാതെ ആർക്കും ഇറങ്ങി കളിക്കാം; നീന്താം;

തോണി തുഴഞ്ഞു പോകാം. മറക്കാനാവാത്ത മധുരാനുഭൂതികളാണു ബിട്ട്രത്തിൽ കഴിച്ചുകൂട്ടുന്ന ഓരോ നിമിഷവും നമുക്കു നൽകുക.

ലക്ഷദ്വീപുകൾ കേരളത്തിന്റെ ഒരു ഭാഗമാണ്. ദ്വീപുകാർ മലയാളികളാണ്. എല്ലാ മലയാളികളും ഒരിക്കലെങ്കിലും ദ്വീപുകൾ സന്ദർശിക്കണം. ദ്വീപുകൾ കാണാത്തവർ കേരളത്തിന്റെ മനോഹരമായ ഒരു മുഖം കണ്ടിട്ടില്ല. ദ്വീപുകൾ സന്ദർശിക്കുക ഇപ്പോൾ പ്രയാസമുള്ള കാര്യമല്ല. കൊച്ചിയിലെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ഓഫീസുകാർ ചുരുങ്ങിയ ചാർജിനു കപ്പലിൽ ആരെയും അങ്ങോട്ടു കൊണ്ടുപോകും. കവരത്തി, മിനിക്കോയ് മുതലായ ദ്വീപുകളിൽ സന്ദർശകർക്കു പാർക്കാനുള്ള കൊച്ചു കുടിലുകൾ സർക്കാർ നിർമിച്ചിട്ടുണ്ട്. അവയിൽ ആവശ്യമായ എല്ലാ സുഖസൗകര്യങ്ങളും സന്ദർശകർക്കു ലഭിക്കുകയുംചെയ്യും.

നമ്മുടെ വിദ്യാർത്ഥികളുടെ, അധ്യയനയാത്രകൾ ലക്ഷദ്വീപുകളിലേക്ക് ആക്കുന്നതു കൊള്ളാം. വിദ്യാർത്ഥികൾക്കു കടലിനെപ്പററി ബോധം ഉളവാക്കാൻ, ഈ യാത്രകൾ സഹായിക്കും. കടൽവക്കിൽ എത്രയോ ശതാബ്ദങ്ങളായി പാർത്തുവന്നിട്ടും മലയാളികളുടെ ദൃഷ്ടി ഇപ്പോഴും കിഴക്കുള്ള മലകളിലേക്കാണ്. മലകളിലെ കാടു കയ്യേറി വെട്ടിത്തെളിയിച്ച് ഒരു എസ്റ്റേററുണ്ടാക്കുവാൻ കഴിഞ്ഞാൽ ജീവിതം സഫലമായെന്നു കരുതുന്നവരാണു മിക്ക മലയാളികളും. പടിഞ്ഞാറ് അലയടിച്ചു കിടക്കുന്ന അനന്തസമ്പദ്സമൃദ്ധമായ കടലിലേക്കു നാം ഇനിയും കണ്ണയച്ചു തുടങ്ങിയിട്ടില്ല. ലോകത്തിലെ ഏററവും സമ്പന്നങ്ങളായ മത്സ്യപ്പാടങ്ങളിലൊന്ന് നമ്മുടെ അറബിക്കടലാണ്. നാം അതിൽ ഇറങ്ങി അധ്വാനിച്ചാലേ കേരളത്തിന്റെ തൊഴിലില്ലായ്മയും പട്ടിണിയും തീരു. കടലിലേക്ക് ഇറങ്ങാൻ നമുക്കുള്ള ചവിട്ടുപടികളാണ് ഈ പവിഴദ്വീപുകൾ. അവ ഒന്നു പോയി കാണാൻപോലും നമുക്കു സമയമോ, സൗകര്യമോ ഇല്ലെങ്കിലോ?

(10 ഫെബ്രുവരി, 1983)

## 62. നക്സൽബാരിക്കാർ

കേരളത്തിലെ നക്സലൈററുകളെക്കുറിച്ചല്ല ഇവിടെ പറയുന്നത്. നക്സലൈററ്പ്രസ്ഥാനം എവിടെ ഉടലെടുത്തുവോ, ആ ബംഗാളിലെ നക്സൽബാരി പട്ടണത്തിൽ, പ്രസ്ഥാനത്തിന് ഒരു തത്ത്വശാസ്ത്രവും പ്രവർത്തനപദ്ധതിയും നൽകിയ ആദ്യകാലാചാര്യന്മാരെക്കുറിച്ചാണ്.

ഹിമാലയത്തിലെ ഒരു സ്വതന്ത്രരാഷ്ട്രമാണ് നേപാൾ. നേപാളിന്റെ കുറെ ഭാഗം ഹിമാലയത്തിൽനിന്നു താഴോട്ടിറങ്ങി ഇന്ത്യയിലേക്കു തള്ളിക്കടന്നു കിടക്കുന്നു. 'തരായി' എന്ന് ഈ ഭാഗം വിളിക്കപ്പെടുന്നു. 'താഴ്വര' എന്നേ അർത്ഥമുള്ളു.

ഇന്ത്യയുടെ ഒരു ഭൂപടം നോക്കുക. പടിഞ്ഞാറെ ബംഗാളിന്റെ ഒരു വാൽ, നേപാളിനും ഭൂട്ടാനും ഇടയിലൂടെ സിക്കിമിനെ ഉൾക്കൊണ്ടുകൊണ്ട്, നേരെ വടക്കോട്ടു നീണ്ട് ഹിമാലയത്തിൽച്ചെന്നു മുട്ടുന്നതു കാണാം. ഈ വാൽതന്നെ കിഴക്കോട്ടു നീണ്ട് ആസാം സംസ്ഥാനത്തിന്റെ അതിർത്തിവരെ ചെല്ലുന്നു. 'ബംഗ്ളാദേശ്' എന്ന സ്വതന്ത്രരാഷ്ട്രത്തിന്റെ മുകളിൽ, ഒരു തോരണംപോലെ നീണ്ടുകിടക്കുന്ന ഈ 'ഇടനാഴി'യാണ്